# കേരള കാർഷിക സർവ്വകലാശാല

## കശുമാവ് ഗവേഷണ കേന്ദ്രം,മാടക്കത്തറ

## ക്വട്ടേഷൻ നോട്ടീസ്

സി.ആർ.എം(അക്കൗ)348/2021 തിയ്യതി - 15/02/2021

മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിലെ നഴ്സറിയിൽ താഴെ കൊടുത്തിരിക്കുന്ന ജോലികൾ അടുത്ത ഒരു വർഷത്തേക്ക് (01/03/2021 മുതൽ 28/02/2022 വരെ) കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. ഒട്ടുതൈ ഉൽപാദനം

- ഈ കേന്ദ്രത്തിലെ നിർദ്ദേശപ്രകാരം വിവിധയിനം കശുമാവ് മരങ്ങളുടെ സയോൺ ഉപയോഗിച്ച് ഈ കേന്ദ്രത്തിൽ നിന്നും നൽകുന്ന സ്റ്റോക്ക് തൈകളിൽ ഗ്രാഫ്റ്റ് ചെയ്യണം.
- പണിയ്ക്ക് ആവശ്യമായ പോളിത്തീൻ ടേപ്പുകൾ, സിപ്പ് - അപ്പ് കവർ, കാർഷിക മരുന്നുകൾ,സ്പ്രെയർ എന്നിവ കേന്ദ്രത്തിൽ നിന്നും നൽകുന്നതായിരിക്കും.
- ഏറ്റവും ചുരുങ്ങിയത് 70% എങ്കിലും വിജയശതമാനം ഉറപ്പുവരുത്തണം. അല്ലാത്ത പക്ഷം കുറയുന്ന ശതമാനത്തിന് സ്റ്റോക്ക് തൈ ഒന്നിന് 5 രൂപ നിരക്കിൽ ക്വട്ടേഷണറുടെ പക്കൽ നിന്നും ഈടാക്കുന്നതാണ്.
- ഒട്ടിപ്പിച്ച് വിജയിച്ച്,നല്ല ഗുണമേന്മയുള്ള ഒരു ഒട്ടു തൈ തയ്യാറാക്കി കൈമാറുന്നതിനുള്ള നിരക്കാണ് കാണിക്കേണ്ടത്.
- വിജയകരമായി ഒട്ടുതൈ കൈമാറുന്നതു വരെയുള്ള എല്ലാ പരിചരണമുറകളും കോൺട്രാക്ടുകാരുടെ ഉത്തരവാദിത്വമായിരിക്കും(മുള നുള്ളൽ, സിപ്പ് അപ്പ് കവർ മാറൽ, പുല്ലെടുക്കൽ,മ റ്റി വെക്കൽ മുതലായവ.)
- ഈ ഓഫീസിലെ നിർദ്ദേശപ്രകാരം സമയബന്ധിതമായി ആവശ്യമുള്ള തൊഴിലാളികളെ ഉൾപെടുത്തി ഒട്ടുതൈ ലഭ്യമാക്കാൻ ബാധ്യസ്ഥനാണ്.

വ്യവസ്ഥകൾ

1. മേൽ പറഞ്ഞ ജോലിക്ക് നിരക്ക് കാണിച്ച് പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ജോലിയുടെ ഗുണനിലവാരം ഉറപ്പുവരുത്തണം.
3. കരാർ പണികൾ പ്രവർത്തി ദിവസങ്ങളിലും,പ്രവർത്തി സമയത്തും ചെയ്യേണ്ടതാണ്.
4. സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
5. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ജോലിക്കുള്ള പ്രതിഫലം നിബന്ധന പാലിക്കുന്നതുവരെ തടഞ്ഞുവെക്കുവാനോ ക്വട്ടേഷൻ റദ്ദാക്കുവാനോ,സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാനോ, നിയമനടപടികൾ സ്വീകരിക്കുവാനോ സ്റ്റേഷൻ ഹെഡിന് അധികാരം ഉണ്ടായിരിക്കും. ജോലിയുടെ വിശദവിവരങ്ങൾ അറിയാൻ ഫാം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
6. തൊഴിലാളികൾ ഗവേഷണ കേന്ദ്രത്തിനുള്ളിൽ ഗ്രീൻ പ്രോട്ടോകോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.
7. കരാർ തുകയിൽ നിന്നും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആദായ നികുതി ഈടാക്കുന്നതായിരിക്കും. ഇതു കൂടാതെ ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്ക് മറ്റേതെങ്കിലും നികുതികൾ കാലാകാലങ്ങളിൽ അടയ്ക്കേതുണ്ടെങ്കിൽ അത് അടക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

മുദ്രവെച്ച ക്വട്ടേഷനുകൾ **22/02/2021** തിയ്യതിക്കകം രാവിലെ 11 മണിക്ക് മുൻപായി അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്-ഇൻ- ചാർജ്ജ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ജോലിയുടെ പേര് കവറിന് പുറത്ത് എഴുതിയിരിക്കണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **2000/-രൂപ** ഓഫീസിൽ അടക്കേണ്ടതാണ്.ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30 ന് തന്നെ തൽസമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ഒട്ടുതൈ ഉല്പാദനത്തിനായി പറഞ്ഞിരിക്കുന്ന ജോലിയ്ക്ക് ക്വട്ടേഷൻ ലഭിച്ചിട്ടുള്ളവർ 5000/-രൂപ സെക്യൂരിറ്റി നിക്ഷേപമായി 27/02/2021 നകം അടയ്ക്കേണ്ടതാണ്. അനുവദിച്ചിട്ടുള്ള ജോലി ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്നുള്ള ഒരു സമ്മതപത്രം 200/- രൂപ യുടെ മുദ്രപത്രത്തിൽ 27/02/2021 നകം നൽകേണ്ടതാണ്. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം പ്രൊഫസ്സർ ആന്റ് ഹെഡിൽ നിക്ഷിപ്തമാണ്.

അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ് -ഇൻ-ചാർജ്ജ്

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 651

പകർപ്പ് -

1. എ.ആർ.എസ്,മണ്ണുത്തി
2. സി.ഒ.എച്ച് വെള്ളാനിക്കര
3. എസ്റ്റേറ്റ് ഓഫീസ്,വെള്ളാനിക്കര
4. പഞ്ചായത്ത് ഓഫീസ്, വെള്ളാനിക്കര
5. വില്ലേജ് ഓഫീസ്,മാടക്കത്തറ
6. കൃഷിഭവൻ,മാടക്കത്തറ
7. കൃഷിഭവൻ,ഒല്ലൂക്കര

CASHEW RESEARCH STATION
MADAKKATHARA. PIN-680 651
KERALA AGRICULTURAL UNIVERSITY